<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1682**</u> <u>**15-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ബാലുശ്ശേരി - അംബേദ്കർ ആർട്സ് & സയൻസ് കോളേജ്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **null**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരിയിലെ ഏക ഗവ. കോളേജായ അംബേദ്കർ ആർട്സ് & സയൻസ് കോളേജിന്റെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | ബാലുശ്ശേരി സർക്കാർ കോളേജിന് നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ പുതിയ ഫ്ലോർ, പുതിയ അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ, കാൻറീൻ എന്നിവ നിർമ്മിക്കുന്നതിനായി 11.10 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പുതിയ അക്കാദമിക് ബ്ലോക്ക്, കാൻറീൻ എന്നിവയുടെ ഒന്നാം നിലയുടെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഹോസ്റ്റൽ ബിൽഡിംഗ് അക്കാഡമിക് ബ്ലോക്കിന്റെ പുതിയ ഫ്ലോർ എന്നിവയുടെ നിർമ്മാണ പ്രവർത്തികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | അടുത്ത ആറ് മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ